പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3406 — 21-12-2012 - ലെ മറുപടിയ്ക്ക്

## "കൊപ്രയുടെയും വെളിച്ചെണ്ണയുടെയും വിലയിടിവ്"

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) | |
| (എ) | കൊപ്രയുടെയും വെളിച്ചെണ്ണയുടെയും വിലയിടിവിനെ പ്രതിരോധിക്കുന്നതിന് ദീർഘവീക്ഷണത്തോടെ എന്തെല്ലാം പദ്ധതികളാവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ; | (എ) | കൊപ്രയുടെയും വെളിച്ചെണ്ണയുടെയും വിലിയിടിവിനെ പ്രതിരോധിക്കുന്നതിന് ഇന്ന് സംസ്ഥാനത്ത് കേന്ദ്ര സർക്കാരിന്റെ താങ്ങുവില പദ്ധതി പ്രകാരമുള്ള കൊപ്ര സംഭരണം നടപ്പിലാക്കി വരുന്നു. ഇതിനു പുറമെ നാളികേരത്തിന്റെ മൂല്യവർദ്ധനവിലൂടെയും വൈവിദ്ധ്യവൽക്കരണത്തിലൂടെയും നാളികേര വിലയിടിവിനെ പ്രതിരോധിക്കുന്നതിനായി സംസ്ഥാനത്ത് മൂന്നു ബയോപാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും സംസ്ഥാന സർക്കാർ ആവിഷ്കരിച്ചു കഴിഞ്ഞു. |
| (ബി) | കേന്ദ്ര സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ , തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഏകോപിപ്പിച്ചുള്ള നാളികേര കൃഷിവികസന പദ്ധതികൾക്ക് രൂപം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;<br>വിശദമാക്കുമോ ; | (ബി) | സി.ഡി.ബി വഴി നടപ്പിലാക്കുന്ന തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതി കൃഷി വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന-കേന്ദ്ര സർക്കാരുകൾ, വിവിധ ഏജൻസികളുടെ പങ്കാളിത്തത്തോടെയാണ് തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ എന്നീ ജില്ലകളിൽ ഒരു പൈലറ്റ് പ്രോജക്ടായി നടപ്പിലാക്കുന്നത്. അടുത്ത ഘട്ടത്തിൽ ഇത് മറ്റു ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനു ചർച്ചകൾ നടത്തി വരുകയാണ്. |
| (സി) | അത്യുല്പാദന ശേഷിയുള്ള കുറിയ തെങ്ങുകളുടെ വിത്ത് തേങ്ങകളും, തൈകളും കർഷകർക്ക് സൗജന്യ നിരക്കിൽ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കോക്കനട്ട് നഴ്സറികൾ, ജില്ലാ ഫാമുകൾ, സ്പെഷ്യൽ ഫാമുകൾ തുടങ്ങിയവയിൽ അത്യുൽപാദനശേഷിയുള്ള കുറിയയിനം തെങ്ങിൻ തൈകൾ ഉൽപ്പാദിപ്പിച്ചു വരുന്നു. ഇവ കർഷകർക്ക് വിവിധ കേന്ദ്രാവിഷ്കൃത, സംസ്ഥാനാവിഷ്കൃത പദ്ധതികളിൽപ്പെടുത്തി |

സബ്സിഡി നിരക്കിൽ വിതരണം ചെയ്തു വരുന്നുണ്ട്. 2012-13 വർഷം 30224 യും TxD 21639 DXT കുറിയയിനം തെങ്ങിൻതൈകൾ വിതരണം ചെയ്തു എന്നാൽ കുറിയയിനം തെങ്ങിന്റെ വിത്തുതേങ്ങയുടെ ലഭ്യത കുറവായതിനാൽ വിത്ത് തേങ്ങ കർഷകർക്ക് വിതരണം ചെയ്യുന്നില്ല.

സെക്ഷൻ ഓഫീസർ